# പ്രസംഗപീഠത്തിനു വേണ്ടിയുള്ള ക്രൂശ്

## (മത്തായി 27:46; ലൂക്കൊസ് 23:34-46; യോഹന്നാൻ 19:25-30)

യേശുക്രിസ്തു ജനിച്ചു ഏതാണ്ടു 33 വർഷങ്ങൾക്കുശേഷം, പെസഹക്കു ശേഷമുള്ള വെള്ളിയാഴ്ച്ച ഗോൽഗോഥാചാപ്പലിൽ, ക്രൂശിന്റെ പ്രസംഗപീഠത്തിൽ നിന്നു ലോക ചരിത്രത്തിലെ തന്നെ വലിയ വിടവാങ്ങൾ പ്രസംഗം നടത്തി.[1]

നൂറുകണക്കിനു സ്ത്രീപുരുഷന്മാരുടെ, ജീവിക്കുന്ന വാക്കുകളും മരിക്കുന്നവരുടെ വാക്കുകളും ചുരുക്കമായി മുഴുവൻ അടങ്ങുന്നതാണ് വിശുദ്ധ എഴുത്തുകൾ. ഒന്ന് ഇസ്രായേൽ; മറ്റൊന്ന്മോശെ; മൂന്നാമത്തേതു സ്തെഫാനൊസ്.[2] ഇസ്രായേൽ ആയിരുന്നു ആദ്യത്തെ തിരഞ്ഞെടുത്ത ദേശം; ന്യായപ്രമാണകാലഘട്ടത്തിൽ ആദ്യം മോശെയായിരുന്നു; ക്രിസ്ത്യാനിക്കുവേണ്ടി ആദ്യം മരിക്കുന്നതു സ്തെഫാനൊസ് ആയിരുന്നു. എന്നിരുന്നാലും, അവരുടെ മന്ദമായുള്ള പറച്ചിൽ സുവിശേഷലേഖകന്മാർ പറയുന്നതുപോലെ ആരുടേയും കാതിൽ വീണില്ല. അവർ കാൽവരിയിലെ വായുവിൽ നിന്നു "വീണ്ടെടുപ്പിന്റെ സംഗീതത്തിലെ ചേർച്ചയുള്ള ഏഴു ശബ്ദലയങ്ങൾ എടുത്തു."

തന്റെ വ്യക്തിപരമായ ശുശ്രൂഷാ വേളയിൽ, യേശു വ്യത്യസ്തമായ പീഠങ്ങൾ ആണ് ഉപയോഗിച്ചിരുന്നത് – ഒരു മലമുകൾ, ഒരു മാളികമുറി, ഒരു പടക്, ഒരു കിണർ – എന്നാൽ അവനു ക്രൂശ് പോലെയുള്ള പ്രസംഗപീഠം മുൻപുണ്ടായിട്ടില്ല. മരിക്കുന്ന കർ ത്താവിനെ പോലെ ഒരു ഉപദേഷ്ടാവുണ്ടായിട്ടില്ല, തലയോടിടംഎന്ന സ്ഥലത്തു, കൂടിയതുപോലെ ഒരിടവകയും ഒരിക്കലും ഉണ്ടായിട്ടില്ല, യേശുക്രിസ്തുസംസാരിച്ച അവസാന ഏഴു വാക്കുകളെ ഒരിക്കലും

ഒരു പ്രസംഗവും ഉൾക്കൊണ്ടിട്ടില്ല.

**പാപക്ഷമാപണവാക്കുകൾ:**
**"അവരോടു ക്ഷമിക്കേണമേ"**
**(ലൂക്കൊസ് 23:34)**

ക്രൂശീകരണ ജാഥ കാൽവരിയിൽ എത്തിയപ്പോൾ, അഞ്ചു ദിവസം മുൻപു, യേശുവിന്നു വഴിയൊരുക്കുവാൻ അവരുടെ വസ്ത്രം അഴിച്ച് വീഥിയിൽ വിരിച്ചവരാൽ ഇപ്പോൾ യേശുവിന്റെ വസ്ത്രം ഉരിയി ക്കപ്പെട്ടു; യേശു, തന്റെ ശിക്ഷ നടപ്പിലാക്കാൻ വന്നവർക്കു കൈനീട്ടി കൊടുത്തു – ഒരു മനുഷ്യനെയും ഉപദ്രവിക്കാത്ത കൈകൾ, ലോകത്തി ലേക്കു അനുഗ്രഹങ്ങൾ ഒഴുകുന്നകൈകൾ, ആണി അടികൊളളുന്ന ശബ്ദം നഗരമതിലുകളിൽ ചെന്നലച്ചു താഴെ പ്രതിധ്വനിക്കുന്നു. ക്രൂശ് ക്രമേണ പതുക്കെ ഉയർത്തി, പിന്നെ സ്വർഗ്ഗം ഇളകുന്ന വിധത്തിൽ ഇടി മുഴങ്ങിയതായി തോന്നി. അതിനായി തയ്യാറാക്കിയ ഗർത്തത്തിൽ മുങ്ങി. തന്റെ അവസാന പ്രസംഗ പീഠത്തിലേക്കു യേശു കയറി.

ക്രൂശിലെ യേശുവിന്റെ ആദ്യവാക്കുകൾ പാപക്ഷമാപണ വാക്കുകൾ ആയിരുന്നു:"പിതാവേ, ഇവർ ചെയ്യുന്നതു എന്തെന്നു അറി യായ്കയാൽ; ഇവരോടു ക്ഷമിക്കേണമേ" (ലൂക്കൊസ് 23:34). പ്രാർത്ഥന യായിട്ടാണ് യേശു ആദ്യം ഇതു പറയുന്നത്, നാലാമത്തേതുംഏഴാമ ത്തേതും അങ്ങനെ തന്നെ. യേശുവിന്റെ വേദനയുടെ ആരംഭം, മദ്ധ്യം, അവസാനം ദൈവത്തോടുകൂടെ വിശുദ്ധമായ ആശയവിനിമയം നടത്തി കൂട്ടായ്മയിലായിരുന്നു.

ക്രൂശിൽവെച്ചു അപൂർവ്വമായിട്ടേ ആളുകൾ പ്രാർത്ഥിക്കാറുള്ളൂ. മരണം പരമാവധി വേദനാജനകമാക്കാൻ വഷളന്മാരായവർ കണ്ടുപിടിച്ചതാണ് ക്രൂശിൽ തറച്ചു കൊല്ലൽ. കുറ്റവാളികൾ വിനാശ കരമായ പാരവശ്യവും വേദനയും, ആക്രോശവും, അഭ്യർത്ഥനയും, ശാപവും കാഴ്ചക്കാരുടെ മേൽ തുപ്പലും എല്ലാം ആയിരിക്കും സാധാരണ നടക്കുക. എന്നാൽ, യേശു, പ്രാർത്ഥിക്കയായിരുന്നു.

യേശുവിന്റെ ആദ്യചിന്ത തന്റെ വേദനയായിരുന്നില്ല, മറിച്ചു തന്നെ ദണ്ഡിപ്പിക്കുന്നവരിൽ വരാനിടയുള്ള ഉപദ്രവത്തെക്കുറിച്ചായിരുന്നു. സുഗന്ധം നൽകുന്ന ഒരു വൃക്ഷത്തിൽ കോടാലി ഉപയോഗിച്ചു, യേശു ഫലത്തിൽ, പറഞ്ഞു, "പിതാവേ, നിന്റെ കരുണ എന്നിൽ, നിന്നു പിൻവലിക്കരുതേഎന്നാണ്!"

തന്റെ വ്യക്തിപരമായ ശുശ്രൂഷയിൽ, യേശു പലപ്പോഴായി പാപക്ഷമാപണം എന്ന വിഷയത്തെ പഠിപ്പിച്ചിട്ടുണ്ട്:

"ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ ...

ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കണമെ; നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ പിതാവു നിങ്ങളോടു ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ, നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളേയും ക്ഷമിക്കില്ല" (മത്തായി 6:12, 14, 15).

അപ്പോൾ പത്രൊസ് അവന്റെ അടുക്കൽ വന്നു, "കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കേണം? ഏഴു വട്ടം മതിയോ?''എന്നു ചോദിച്ചു. യേശു അവനോടു, "ഏഴുവട്ടമല്ല ഏഴു എഴുപതുവട്ടം [മറ്റൊരു വിധത്തിൽ പറഞ്ഞാൽ പരിധിയില്ലാതെ] ... എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും" (മത്തായി 18:21, 22, 35).

പാപക്ഷമാപണത്തെക്കുറിച്ചുള്ള മഹത്തായ ഉപദേശം, ക്രൂശിലേതായിരുന്നു, താൻ പഠിപ്പിച്ചതു *പ്രദർശിപ്പിച്ചു.*

ലൂക്കൊസ് 23:34 ലെ ഗ്രീക്കു, ക്രിയ അപൂർണ്ണ ക്രിയയാണ്, "കഴിഞ്ഞകാലത്തിൽ പ്രവൃത്തി തുടർച്ചയായിരുന്നു എന്നു സൂചിപ്പിക്കുന്നു." നമ്മുടെ വേദഭാഗം പറയുന്നതു"യേശു പറഞ്ഞു*എന്നാണ്,* ...'' ഈ വേദഭാഗം ''യേശു പറഞ്ഞു*കൊണ്ടിരുന്നു,* ...''എന്ന് തർജ്ജിമചെ യ്യേണ്ടതാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഈ വാക്കുകൾ പല തവണ ആവർത്തിക്കുന്നു എന്നാണ്.

ഈ ദൃശ്യങ്ങൾക്കു സാദ്ധ്യതയുണ്ട്:തലയോടിടം എന്ന സ്ഥലത്തെത്തിയപ്പോൾ, യേശു നോക്കി പ്രാർത്ഥിച്ചു, "പിതാവേ, ഇവർ ചെയ്യുന്നതു എന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" ശതാധിപൻ അവനെ തറയിൽ ഞെക്കിയപ്പോൾ, യേശു പ്രാർത്ഥിച്ചു, ''പിതാവേ ഇവർ ചെയ്യുന്നതെന്തെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ." തന്റെ വിറക്കുന്ന പാദങ്ങളിലൂടെ മുനയില്ലാത്ത നീണ്ട ആണി കയറിയപ്പോൾ ''പിതാവേ ഇവർ ചെയ്യുന്നതു എന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" എന്നു അവൻ പ്രാർത്ഥിച്ചു. അവർ ക്രൂശ് നിവർത്തിയപ്പോൾ യേശു പ്രാർ ത്ഥിച്ചു, "പിതാവേ, ഇവർ ചെയ്യുന്നതു എന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ." ജനക്കൂട്ടം അവനെ അധിക്ഷേപിച്ചു ശപിച്ചപ്പോൾ യേശു പ്രാർത്ഥിച്ചു, "പിതാവേ, ഇവർ ചെയ്യുന്നതു എന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ.'' തുന്നലില്ലാത്ത അവന്റെ അങ്കിക്കായി പടയാളികൾ ചീട്ടിട്ടപ്പോൾ യേശു പ്രാർത്ഥിച്ചു, "പിതാവേ, ഇവർ ചെയ്യുന്നതു എന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ."

വിശദമായി നമുക്കറിഞ്ഞുകൂടെങ്കിലും യേശു പ്രാർത്ഥി

ക്കുക*യായിരുന്നു* എന്നു നമുക്കറിയാം "പിതാവേ; ഇവർ ചെയ്യുന്നതു എന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ."

പെന്തെകൊസ്തുനാൾ വരെ പാപക്ഷമാപണം പിതാവിൽ നിന്നു പകർന്നു കൊടുത്തിരുന്നില്ല - എന്നതു നാം ശ്രദ്ധിക്കണം പെന്തെ കൊസ്തുനാളിൽ മാനസാന്തരപ്പെട്ടു സ്നാനപ്പെട്ടവർ ക്കാണ് പാപമോചനം ലഭിച്ചത് (പ്രവൃത്തി 2:38). ഈ സമയത്തു നാം ഊന്നൽ കൊടുക്കുന്നതു യേശുമരിക്കുമ്പോൾ അവന്റെ ഹൃദയത്തിൽ ഒരു വിദ്വേഷവും ഉണ്ടായിരുന്നില്ല. എന്നതിനാണ്. നിങ്ങളും ഞാനും യേശുവിനെ പോലെ ആകുവാൻ പഠിക്കണം നമ്മുടെ ശത്രുക്കളെ സ്നേഹിക്കുവാനും നമ്മെ ഉപദ്രവിക്കുന്ന വർക്കു വേണ്ടി പ്രാർത്ഥിക്കുവാനും നാം ശീലിക്കണം (മത്തായി 5:44)!

## പ്രത്യാശയുടെ വാക്കുകൾ:
## "എന്നോടു കൂടെ"
## (ലൂക്കൊസ് 23:39-43)

ക്രൂശിന്മേലുള്ള കുറ്റവാളികൾ നിത്യതയ്ക്കായി നോക്കിയി രുന്നു. ക്രൂശിനുചുറ്റുമുള്ള ജനക്കൂട്ടം കളിയാക്കി ക്രോധപാരവശ്യം തീർത്തു. "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്താൻ രക്ഷിപ്പാൻ വഹിയാ. നാം കണ്ടു വിശ്വസിക്കേണ്ടതിന്നു ക്രിസ്തു എന്ന യിസ്രായേൽ രാജാവ് ഇപ്പോൾ ക്രൂശിൽ നിന്നു ഇറങ്ങിവരട്ടെ!" എന്നു തമ്മിൽ പറഞ്ഞു (മർക്കൊസ് 15:31, 32).

ക്രമേണ കള്ളന്മാരിൽ ഒരാൾ നടുവിലെ ക്രൂശിൽ കിടക്കു ന്നവനോടു വ്യത്യസ്തമായിട്ടാണ് സമീപിക്കുന്നത് യേശുവിനെക്കു റിച്ചുള്ള ചിലതു ഈ കള്ളന്റെ ഹൃദയത്തെ സ്പർശിച്ചു. ഒരുപക്ഷേ മാന്യനായ ഒരാൾ മരണത്തെ നേരിടുന്നു എന്നതാകാം. ഒരുപക്ഷേ യേശു വീണ്ടും വീണ്ടും പറഞ്ഞതുകൊണ്ടാകാം. "പിതാവേ, ഇവർ ചെയ്യുന്നതു എന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" കാരണം എന്തായാലും കള്ളന്റെ ഉള്ളിൽ വിശ്വാസം വളർന്നു. കള്ളന്റെ ഉള്ളിൽ അതു തീർച്ചയായി തീർന്നു. അങ്ങനെ നാം വായിക്കുന്നു,

> "തൂക്കിയ ദുഷ് പ്രവൃത്തിക്കാരിൽ ഒരുത്തൻ നീ ക്രിസ്തു അല്ലയോ?നിന്നെയും ഞങ്ങളെയും രക്ഷിക്ക!" എന്നു പറഞ്ഞു അവനെ ദുഷിച്ചു. മറ്റവനോ അവനെ ശാസിച്ചു. സമശിക്ഷാവിധിയിൽ തന്നെ ആയിട്ടും "നീ ദൈവത്തെ ഭയപ്പെ ടുന്നില്ലയോ? നാമോ ന്യായമായിട്ടു ശിക്ഷ അനുഭവിക്കുന്നു; നാം പ്രവർത്തിച്ചതിന്നു യോഗ്യമായതല്ലോ കിട്ടുന്നതു; ഇവനോ അരുതാത്തതു ഒന്നും ചെയ്തിട്ടില്ല" എന്നു പറഞ്ഞു. പിന്നെ അവൻ "യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ" എന്നു പറഞ്ഞു. യേശു അവനോടു: "ഇന്നു

നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കുംഎന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു" എന്നു പറഞ്ഞു (ലൂക്കൊസ് 23:39-43).

ക്രൂശിന്മേൽപ്പോലും സാത്താൻ യേശുവിന്മേലുള്ള ആക്ര മണം കുറച്ചില്ല. മരുഭൂമിയിൽ വച്ച് ക്രൂശിലേക്കുപോകാതെ ലോക രാജ്യങ്ങൾ സ്വന്തമാക്കാം എന്നു സാത്താൻ പറഞ്ഞിരുന്നു[3] (മത്തായി 4:8, 9). യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷയുടെ അവസാനം ക്രൂശിനെ മറന്നുകളവാൻ പത്രോസിൽകൂടെ പിശാച് അപേക്ഷിക്കുന്നുണ്ട് (മത്തായി 16:21-23). ഇപ്പോൾ അവൻ മരിക്കാൻ പോകുന്നതിനാൽ മരണ ത്തിൽ നിന്നു ഒഴിഞ്ഞുമാറുവാൻ ക്രൂശിൽ നിന്നു ഇറങ്ങി വരുവാൻ പിശാച് യേശുവിന്മേൽ വെല്ലുവിളി നടത്തുകയായിരുന്നു.

യേശുവിന്റെ ജീവിതത്തിൽ ഉടനീളം രണ്ടിലൊന്നു യേശു വിനു എടുക്കാമായിരുന്നു. അവനു ഒന്നുകിൽ സ്വയ സംരക്ഷണം അല്ലെങ്കിൽ സ്വയത്യാഗം തിരഞ്ഞെടുക്കാമായിരുന്നു. ക്രൂശിന്മേലാകുക എന്നതാണ് അവൻ വീണ്ടും തിരഞ്ഞെടുത്തത്.

അവിശ്വാസിയായ കള്ളൻ അവതരിപ്പിച്ചതു സ്വയ സംരക്ഷ ണമായിരുന്നു: "നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നെയും ഞങ്ങ ളേയും രക്ഷിക്ക എന്നു പറഞ്ഞു" (ലൂക്കൊസ് 23:39): ഈ കള്ളന്റെ സമീപനം തന്നെയായിരുന്നു മരുഭൂമിയിൽ സാത്താന്റേയും"നീ ദൈവപുത്രനെങ്കിൽ ഈ കല്ലു അപ്പമായിതീരാൻ കല്പിക്ക എന്നു പറഞ്ഞു" (മത്തായി 4:3). മറ്റൊരർത്ഥത്തിൽ അവൻ പറഞ്ഞതു: "പ്രത്യേകമായ പ്രയോജനങ്ങൾ ഇല്ലെങ്കിൽ പിന്നെ ക്രിസ്തു ആയി രിക്കുന്നതിൽ അർത്ഥമില്ല.[4] അവ ആസ്വദിക്കയും അതേ സമയം നീ ആരാണെന്നു ഞങ്ങൾക്കു തെളിയിച്ചു തരിക!" കള്ളന്റെ ആവശ്യം "ജയിലഴികൾ മുറിക്കുക എന്നതിനു തുല്ല്യമായിരുന്നു." - ആർ.ടി. റോബർട്ട്സൺ പറയുകയുണ്ടായി. കള്ളൻ ജയിലഴികൾ അറു ക്കുവാൻ യേശുവിനെ പ്രേരിപ്പിക്കയായിരുന്നു!

വിശ്വാസത്തിലേക്കു വന്ന കള്ളൻ തിരഞ്ഞെടുക്കുവാൻ അവതരിപ്പിച്ചതു സ്വയ - ത്യാഗമാണ്. അവൻ പറഞ്ഞു: "നീ, രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ!" എന്നാണ് (ലൂക്കൊസ് 23:42). മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവൻ യേശു വിനെ പ്രോത്സാഹിപ്പിക്കുകയാണ്, "നീ ക്രൂശിൽ തന്നെ ആയിരുന്നു രാജത്വം പ്രാപിക്കുക." ഈ മനുഷ്യനു എന്തു വിശ്വാസമാണുണ്ടാ യിരുന്നത്! അവൻ യേശുവിനെ നോക്കിയപ്പോൾ, മരണ ശിക്ഷക്കു വിധിക്കപ്പെട്ട കുറ്റവാളിയായി അവനെ കണ്ടില്ല; മറിച്ച്, ഒരു രാജാവിനെ ആണ്!മുൾക്കിരീടത്തിനു പകരം, അവൻ കണ്ടതു രാജകീയകിരീട മാണ്. യേശുവിന്റെ കൈകളിലെ ആണികൾക്കു പകരം അവൻ കണ്ടതു ചെങ്കോൽ പിടിച്ചിരിക്കുന്നതായിട്ടാണ്. യെശുവിന്റെ മുറി

പ്പാടുകളിലൂടെ, ഒഴുകിയ ഉണങ്ങിയ ചുവന്ന രക്തത്തിനു അവൻ കണ്ടതു രാജകീയ ധുപവർഗ്ഗരക്തമാണ്.

ഈ വാക്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതു അപൂർണ്ണകാലമാണ്. രണ്ടുകള്ളന്മാരുടേയും വാക്കുകൾ യേശുവിന്റെ കാതുകളിൽ അലയടിച്ചു. അവ സ്വയസംരക്ഷണം തിരഞ്ഞെടുക്കുകയോ, സ്വയ ത്യാഗം തിരഞ്ഞെടുക്കുകയോ ആവാം – ക്രൂശിനെ ഉപേക്ഷിക്കയോ ക്രൂശിനെ വരിക്കയോ ആയിരുന്നു

വിശ്വസിക്കുന്ന കള്ളനു യേശു നല്കിയ മറുപടി പ്രത്യാശാസന്ദേശമായിരുന്നു."ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു" (വാക്യം 43).

"കള്ളൻ രക്ഷിക്കപ്പെട്ടതുപോലെ രക്ഷിക്കപ്പെടുന്നതിനുള്ള" (സ്നാനം കൂടാതെ[5])പ്രത്യാശാസന്ദേശം ആയിരുന്നില്ല അത്. യേശു *മരിക്കുന്നതി*നുമുമ്പായിരുന്നു ആ കള്ളൻ രക്ഷിക്കപ്പെട്ടത്; [6]അങ്ങനെ പഴയ നിയമത്തിൻ കീഴിൽ രക്ഷിക്കപ്പെടുന്നവർക്കുള്ള ഒരു മാതൃകയായി അത്. *പുതിയ* നിയമത്തിന്റേതല്ല (കൊലൊസ്യർ 2:14; എബ്രായർ 9:16, 17).[7] പുതിയ നിയമത്തിൻ കീഴിലുള്ള നമ്മോടു വിശ്വസിക്കുവാനും സ്നാനം ഏല്ക്കുവാനും ആണ് കല്പിച്ചിരിക്കു ന്നത് (മർക്കൊസ് 16:16).

അധിലധികമായി, ഇതു"അവസാനനിമിഷരക്ഷ"ക്കുള്ള പ്രത്യാശാ സന്ദേശവുമല്ല. നമുക്കറിയാവുന്നതോടൊപ്പം യേശുവിനെ പറ്റി പഠിക്കുവാൻ കള്ളനു കിട്ടിയ ആദ്യ അവസരമായിരുന്നു അത്. സുവിശേഷം വീണ്ടും വീണ്ടും തള്ളിക്കളയുകയും, വധശിക്ഷക്കു വിധിക്കപ്പെട്ടിട്ടു അവസാനം മാപ്പുകൊടുക്കുന്നതിനുള്ള ഉദാഹരണമായിരുന്നില്ല അവന്റേത്. ആരോ പറഞ്ഞുകേട്ടിട്ടുണ്ട്, "പതിനൊന്നാം മണിനേരം"[8] രക്ഷപ്രാപിപ്പാൻ കാത്തിരിക്കുന്നവർ 10:30ന് മരിക്കും എന്ന്!

പിന്നെ ഏതു രീതിയിലാണ് യേശുവിന്റെ സന്ദേശം പ്രത്യാശ നല്കുന്നതു? ആദ്യമായി അവ പ്രത്യാശയുടെ സന്ദേശമാകുവാൻ കാരണം അവൻ ആദ്യത്തെ കള്ളന്റെ നിർദ്ദേശം തള്ളിക്കള യുകയും രണ്ടാമത്തെ കള്ളൻ നിർദ്ദേശം എടുക്കയും ചെയ്തു. ആമേൻ എന്ന ഗ്രീക്കുവാക്കാണ് തർജ്ജിമ ചെയ്തു "സത്യമായി"[9] എന്നാക്കിയിരിക്കുന്നത്. ഫലത്തിൽ യേശു പറഞ്ഞിരിക്കുന്നതു, "ആമേൻ!അങ്ങനെ ആകട്ടെ! ഞാൻ മരിക്കും, അങ്ങനെ ലോകത്തുള്ള സർവ്വ മനുഷ്യർക്കും പറുദീസയിൽ പോകുവാനുള്ള പ്രത്യാശ ലഭിക്കും ഞാൻ ദൈവപദ്ധതിയുമായി മുമ്പോട്ടുപോകും"സ്വർഗ്ഗം മുഴുവൻ ഈ സമയത്തു ദീർഘശ്വാസം വിട്ടിരിക്കും.

രണ്ടാമതു, യേശുവിന്റെ വാക്കുകൾ പ്രത്യാശനല്കുന്നു, അതു കാണിക്കുന്നതു അവരുടെ ജീവിതം ആശക്കുവകയില്ലാത്തതാ ണ

ങ്കിലും, ഏതു മനുഷ്യർക്കും രക്ഷ പ്രാപിക്കാൻ കഴിയുന്നു. ആരോ പറഞ്ഞു, "കള്ളൻ ഒരിക്കൽ ചോദിച്ചു, ഒരിക്കൽ വിചാരിച്ചു, ഒരിക്കൽ മുട്ടി, തന്റെ ജീവിതം അവസാനനാളിൽ രക്ഷിക്കപ്പെട്ടു." കള്ളനു രക്ഷപ്രാപിക്കാൻ കഴിഞ്ഞുവെങ്കിൽ നിങ്ങൾ എന്തു ചെയ്താലും നിങ്ങൾക്കും കഴിയും.ഈ കുറ്റവാളിയേക്കാൾ നിങ്ങൾ മോശമായിരിക്കയില്ല തീർച്ച. കാരണം അവൻ ക്രൂശിക്കപ്പെടാൻ യോഗ്യനാണെന്നു അവൻ സമ്മതിച്ചിട്ടുണ്ട് (ലൂക്കൊസ് 23:41).[10]

കൂടാതെ കർത്താവിങ്കലേക്കു തിരിയാതെ ഇരിക്കുന്ന പ്രിയപ്പെട്ടവർക്കും പ്രത്യാശയുണ്ട്. അവരെ വിട്ടുകളയരുത്. കള്ളനു പ്രത്യാശയുണ്ടായിരുന്നെങ്കിൽ അവർക്കും പ്രത്യാശയുണ്ട്!ഒരു സാഹചര്യവും അസാദ്ധ്യമല്ല!

## ഏകാന്തതയുടെ വാക്കുകൾ:
## "ഇതാ നിന്റെ മകൻ"
## (യോഹന്നാൻ 19:25-27)

കാൽവരിയുടെ ചിത്രം കാണുമ്പോൾ അവിടെയുണ്ടായിരുന്ന എല്ലാവരും യേശുവിനെ അധിക്ഷേപിച്ചില്ല എന്നു കാണാം. "യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലേയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നതായി" യോഹന്നാൻ ശ്രദ്ധിച്ചു (യോഹന്നാൻ 19:25). 26–ാം വാക്യം പറയുന്നതു അപ്പൊസ്തലനായ യോഹന്നാൻ അവിടെയുണ്ടായിരുന്നു എന്നാണ്. യേശുവിന്റെ അടുത്ത വാക്കുകൾ അവന്റെ അമ്മയോടും യോഹന്നാനോടും ആയിരുന്നു.

> യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നില്ക്കുന്നതു കണ്ടിട്ടു "സ്ത്രീയേ, ഇതാ നിന്റെ മകൻ"! എന്നു അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോട്: "ഇതാ നിന്റെ അമ്മ"! എന്നു പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു (യോഹ ന്നാൻ 19:26, 27).

ഈ സംഭവത്തിൽ നിന്നു പല പാഠങ്ങൾ പഠിക്കാൻ കഴിയും. ഒന്നാമതായി യേശു തന്റെ അമ്മയെ കരുതി പൗലൊസ് പഠിപ്പിച്ചത്: "തനിക്കുള്ളവർക്കും പ്രത്യേകം സ്വന്തകുടുംബക്കാ ർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞു അവി ശ്വാസിയേക്കാൾ അധമനായിരിക്കുന്നു" (1 തിമൊഥെയൊസ് 5:8). യേശുവിന്റെ സഹോദര ങ്ങൾ അവിശ്വാസികളായിരുന്നതു കൊണ്ട് തന്റെ അമ്മയുടെ സംരക്ഷണം അവരെ ഏല്പിക്കാൻ യേശു തയ്യാറായില്ല.[11] അതുകൊണ്ടു അവളുടെ ക്ഷേമം നോക്കുവാൻ യോഹന്നാനെ ഏല്പിച്ചു.[12]

വീണ്ടും, യേശു തന്റെ അമ്മയെ സ്നേഹിക്കുന്നതു കൊണ്ടു,

അവൻ അവളെ അനാഥയാക്കിയില്ല. അവൻ അവളെ "സ്വർഗ്ഗീയരാജ്ഞി" എന്നോ, "ദൈവമാതാവു" എന്നോ വിളിച്ചില്ല. അവൻ അവളെ "സ്ത്രീയേ" എന്നാണ് വിളിച്ചത്. അതൊരു അധിക്ഷേപ വാക്കായിരുന്നില്ല[13] – ഗ്രീക്കിൽ അതു ബന്ധത്തെ സൂചിപ്പിക്കുന്ന വാക്കാണ് – എന്നാൽ ചിലർ മറിയയ്ക്കു കൊടുത്തിരുന്ന സ്ഥാന പേരുകളിൽ നിന്നു വളരെ അകലെയാണ്. അതുകൊണ്ട് യേശുവിന്റെ തന്നെ വാക്കുകൾ മറിയ സിദ്ധാന്തത്തിനു എതിരാണ്.

യേശുവിന്റെ വാക്കുകളുടെ പ്രാധാന്യത്തിലേക്കു നമുക്കു ആഴത്തിൽ ഇറങ്ങിച്ചെല്ലാം. കാൽവരിയുടെ കേന്ദ്രചിത്രം മറിയയോ യോഹന്നാനോ ആയിരുന്നില്ല, മറിച്ചു യേശുവായിരുന്നു. യേശു വിന്റെ കാഴ്ചപ്പാടിലൂടെ നമുക്ക് ആ രംഗം വീണ്ടും കാണാം. അവൻ തന്നെക്കുറിച്ചല്ല തന്റെ അമ്മയെക്കുറിച്ചു കരുതിയിരുന്നു, ശിമോൻ മറിയയോടു പറഞ്ഞു "നിന്റെ സ്വന്ത പ്രാണനിൽക്കൂടെയും ഒരു വാൾ കടക്കും" (ലൂക്കൊസ് 2:35). ക്രൂശിന്മേൽ കിടക്കുന്ന തന്റെ മകനെ കണ്ടപ്പോൾ ആഴത്തിൽ ഇറങ്ങിയ വാൾ പോലെ മറ്റൊന്നു അവൾക്കു ണ്ടായിരിക്കയില്ല.ആരംഗത്തുനിന്നു മറിയ ജീവരക്ഷ ക്കായി മാറി. ചിലർ വിചാരിക്കുന്നതു"ആനാഴികമുതൽ[14] എന്ന വാക്കുകൾ സൂചിപ്പിക്കു ന്നതു ശിഷ്യൻ അവളെ അവന്റെ വീട്ടിലെത്തിച്ചു" എന്നാണ് മറിയ ആ കാഴ്ച കണ്ടു ബോധരഹിതയായി, യോഹന്നാൻ പെട്ടെന്നു അവളെ തന്റെ വിട്ടിലെക്കു കൊണ്ടു പോയി എന്നതാകാം സൂചന.

യേശുവിന്റെ വാക്കുകൾ മറിയയെ സഹായിച്ചു,[15] പക്ഷെ അവർ അവനെ എവിടെ വിട്ടുപോയി? ഒരമ്മയുടെ സ്നേഹമെന്ന ആശ്വാസം കിട്ടാതെ അവർ അവനെ വിട്ടുപോയി. യേശുവിന്റെ വാക്കുകൾ ഏകാന്തതയുടേതായിരുന്നു. പിതാവിന്റെ സാന്നിദ്ധ്യം വളരെ വേഗ ത്തിൽ അപ്രത്യക്ഷമാകാനിരിക്കുന്നതു പോലെ അമ്മയുടെ സാന്നിദ്ധ്യം എടുത്തുമാറ്റി. പാപത്തിന്റെ ശക്തിയെ തോല്പ്പിക്കുന്ന പോരാട്ടത്തിൽ യേശു തനിയെ ആയിരുന്നു!

ദൈവത്തിന്റെ സാന്നിദ്ധ്യം ഇല്ലാത്ത അവസ്ഥ പൂർണ്ണമായി മനസ്സിലാക്കാൻ എനിക്കു കഴിയില്ലെന്നു വരാം. എന്നാൽ മനുഷ്യ സ്നേഹമില്ലായ്മ അനുഭവപ്പെടുക എന്നതു എന്താണെന്നു മനസി ലാക്കാൻ എനിക്കുകഴിയും. ഏകനാകുക എന്നാൽ എന്താണെന്നു എനിക്കറിയാം – അതു നിങ്ങൾക്കും അറിയാമെന്നു തോന്നുന്നു. ആകയാൽ നാം ഏകാന്തമായിരിക്കുമ്പോൾ യേശുവിനറിയാം. അവൻ വിജയിയായിതീർന്നതു കൊണ്ടു നാം വിജയിക്കുവാൻ അവനു നമ്മെ സഹായിക്കാൻ കഴിയും!

## വേദനിക്കുന്ന വാക്കുകൾ:
## "എന്നെ കൈവിട്ടതെന്തിന്?"
## (മത്തായി 27:46)

രംഗം ഒരുക്കി അത്ഭുതമായ ഇരുട്ടു ഗൊൽഗോഥയിലേക്ക് ഇറങ്ങി. മനുഷ്യരുടെ കണ്ണുകളിൽ നിന്നു യേശുവിന്റെ രൂപം മറഞ്ഞു. ജനക്കൂട്ടത്തിന്റെ അധരങ്ങളിൽ നിന്നുയർന്ന പരിഹാസം നിന്നു പോയി. ഭയവും അത്ഭുതവും ഓരോ ഹൃദയത്തിലേക്കും ഇറങ്ങി. നീണ്ട നിശബ്ദത ഭേദിച്ചുകൊണ്ടു ശബ്ദം പുറത്തുവന്നു ഞരക്കവും ശ്വാസം മുട്ടലും കേൾക്കാം. പെട്ടെന്നു ഇരുട്ടിൽ നിന്നു നിശബ്ദതയെ ഭേദിച്ചു ശബ്ദം പുറത്തുവന്നു. "ഏകദേശം ഒമ്പതാം മണിനേരത്തു യേശു, 'ഏലീ, ഏലീ, ലമ്മാ ശബ്ക്താനി?എന്നു ഉറക്കെ നിലവിളിച്ചു'" (മത്തായി 27:46). ഈ വാക്കുകൾ യേശുവിന്റെ ബാല്യത്തിൽ നിന്നാണ്. സങ്കീർത്തനം 22[16] ൽ നിന്നാണ്. ഈ വാക്കു കളുടെ അർത്ഥം മത്തായി വിവരിച്ചിട്ടുണ്ട്: ''എന്റെ ദൈവമേ, എ ന്റെ ദൈവമേ നീ എന്നെ കൈവിട്ടതു എന്ത് എന്നർത്ഥം?'' (വാക്യം 46).

"കൈവിടൽ" എന്നതു ഏതു ഭാഷയിലായാലും ദുഃഖകര മാണ്. ഗ്രീക്കിൽ ഇതു മൂന്നു വാക്കുകളുടെ മിശ്രിതവാക്കാണ് "വിടുക'' എന്നതിന്റെ അർത്ഥം, "തള്ളിക്കളയൽ;" "താഴോട്ട്" സൂചിപ്പിക്കുന്നതു പരാജയപ്പെട്ടു നിസ്സഹാനായായി; "ൽ"എന്നത് ഏതെങ്കിലും സ്ഥലത്തേയോ അല്ലെങ്കിൽ സാഹചര്യത്തേയോ കാണിക്കുന്നു.

യേശുവിനെ വെറുതെ വിട്ടുകളയപ്പെടുകയല്ല; അവൻ ദൈവത്താൽ കൈവിടപ്പെട്ടു. ഈ വാക്കുകൾ മാനുഷിക മനസിലാക്കലിന്നു അപ്പുറത്തേക്കു നമ്മെ കൊണ്ടുപോകുന്നു. അതു വീണ്ടെടുപ്പിന്റെ മർമ്മമാണ്. പാപമാണ് ദൈവത്തെ നമ്മിൽ നിന്നുവേർപിരിക്കുന്നതു എന്നു യെശയ്യാവ് 59:1, 2 വാക്യങ്ങൾ പഠിപ്പിക്കുന്നു. ''അവൻ ... നമുക്കു വേണ്ടി പാപം ആക്കി" എന്നു 2 കൊരിന്ത്യർ 5:21-ൽ പറയുന്നു. യേശു നമുക്കുവേണ്ടി ''പാപം ആക്കിയപ്പോൾ''[17] നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ അവൻ ഏറ്റു. പാപത്തിന്റെ അവസാനത്തെ പിഴയായി ദൈവം അവനെ - കൈവിട്ടു (2 തെസ്സലൊനിക്യർ 1:9)!

നമ്മെ രക്ഷിക്കാൻ യേശു *ഏതുവരെ* പോകും? ആ ദൂരം മത്തായി 27:46ൽ വരച്ചിരിക്കുന്നു. യേശു സ്വർഗ്ഗീയമഹിമവിട്ടു. അതിൽ കൂടുതൽ അവൻ പോയി. അവൻ മനുഷ്യനായി ഭൂമിയിൽ വന്നു, ദാസനായി തീർന്നു. അതിലും കൂടുതൽ അവൻ പോയി അവൻ ക്രൂശിലേക്കു പോയി. എന്നാൽ ആ യാത്ര അവിടെയും തീരുന്നില്ല. നമ്മെ രക്ഷിക്കുവാനായി അവൻ, ദൈവം കൈവിടുന്നു എന്ന അവസ്ഥവരെ പോയി!

അതൊരിക്കലും എനിക്കു മനസ്സിലാക്കാൻ കഴിയില്ല. നമുക്കു വേണ്ടി ഇതെങ്ങനെ ചെയ്യാൻ കഴിഞ്ഞു അവന്നു എങ്ങനെ എന്നെ സ്നേഹിക്കാൻകഴിഞ്ഞു? നിങ്ങളെ എത്രമാത്രംചുരുങ്ങിയ കാലം

കൊണ്ടു പരിമിതിയില്ലാത്ത ഭാരം എങ്ങനെ അവന്നു സഹിക്കാൻ കഴിഞ്ഞു? നിങ്ങളെ – അത്രത്തോളം എങ്ങനെ സഹിക്കാൻ കഴിഞ്ഞു? എനിക്കു അതൊന്നും മനസിലായില്ല. എന്നാൽ ഞാൻ അവ വിശ്വസിക്ക യാൽ അംഗീകരിക്കുന്നു. "ദൈവത്തിന്റെ അപ്രമേയ ദാനത്തിനു!" ഞാൻ സ്തോത്രം ചെയ്യുന്നു (2 കൊരിന്ത്യർ 9:15).

## തളർച്ചയുടെ വാക്കുകൾ: "എനിക്കു ദാഹിക്കുന്നു" (യോഹന്നാൻ 19:28)

മൂന്നുമണി നേരത്തേക്കു ദേശത്തെങ്ങും ഇരുട്ടുണ്ടായി. ക്രൂശിനു ചുറ്റും നിന്നവർ ഇതു കണ്ടിട്ടു പ്രകാശം ഇനി ഒരിക്കലും ഉണ്ടാകില്ല എന്നവർക്കു തോന്നി. അവസാനം അഗ്നിപരീക്ഷ കടന്നു പോയി. സൂര്യൻ ഇരുട്ടിനെ കീറിമുറിച്ചു കടന്നുവന്നു. നീതിയുടെ പുത്രനെ കളങ്കപ്പെടുത്തുവാൻ ഇരുട്ടിന്റെ പ്രഭു ഒരു പാഴ്ശ്രമം നടത്തി. പരാജയപ്പെട്ടു. ഇപ്പോൾ ആദ്യമായി യേശു വ്യക്തിപരമായ സർവ്വനാമം ഉപയോഗിച്ചു. "അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നു, എന്നു യേശു തിരുവെഴുത്തു നിവൃത്തിയാകും വണ്ണം 'എനിക്കു ദാഹിക്കുന്നു' എന്നു പറഞ്ഞു" (യോഹന്നാൻ 19:28).

ഈ വാക്കുകളിൽ എന്താണ് അടക്കിനിർത്തിയിരിക്കുന്നതു! അവിശ്വാസനീയമായ ഹൃദയവേദനയും ദീർഘവും തീവ്രവുമായ വേദനയോടും, ഞാനായിരുന്നെങ്കിൽ സംസാരിച്ചേനെ. യേശു ഗ്രീക്കിൽ ഒറ്റവാക്കാണ് പറഞ്ഞതു. അതു മൂന്നു വാക്കുകളായി തർജ്ജിമ ചെയ്തു. "എനിക്കു ദാഹിക്കുന്നു" അതൊരു പരാതിയോ, അപേക്ഷയോ ആയിരുന്നില്ല. പിന്നെയോ അതു ലളിതമായ വസ്തുത യാകുന്ന പ്രസ്താവനയായിരുന്നു.

ഈ വാക്കുകളിൽ നിന്നും വ്യക്തമായി പഠിക്കുന്ന പാഠം യേശു മാംസരക്തത്തിലായിരുന്നു എന്നാണ്.[18] നമ്മെ പോലെ അവന്നു വിശപ്പും ദാഹവും ഉണ്ടായി. അവനു നമ്മോടു സഹ താപം കാണിപ്പാൻ കഴിയും.

> നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല ... പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമ യത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസ നത്തിനു അടുത്തു ചെല്ലുക (എബ്രായർ 4:15, 16).

ആ വാക്കുകൾ പറഞ്ഞ *സമയം* എങ്ങനെയായാലും കൂടുതൽ പ്രാധാന്യമർഹിക്കുന്ന പാഠം നല്കുന്നു.യേശു അതിനു*ശേഷം* അവ

രോട് "സകലവുംതികഞ്ഞിരിക്കുന്നുഎന്നുഅറിഞ്ഞിട്ട്" (യോഹന്നാൻ 19:28). നരകാഗ്നിയുടെ ചൂടേറ്റു കഴിഞ്ഞപ്പോഴാണ് ഫലത്തിൽ അവൻ വെള്ളംവറ്റി ഉണ ങ്ങിയത്. പാപത്തോടുള്ള അവന്റെ പോരാട്ടത്തിനു ശേഷമാണ് അവൻ തന്നെ കുറിച്ചു ചിന്തിച്ചത് സംസാരിച്ചതോ തികച്ചും മാന്യമായ വാക്കുകളിലായിരുന്നു.[19] വിജയിച്ചു തളർന്നവന്റെ വാക്കുകളായിരുന്നു അത്; ദീർഘദൂര ഓട്ടക്കാരന്റെ നാട ഭേദിച്ചു കടന്ന വാക്കുകളായിരുന്നു അതു "എനിക്കു ദാഹിക്കുന്നു."

## വിജയത്തിന്റെ വാക്കുകൾ: "നിവൃത്തിയായി" (യോഹന്നാൻ 19:30)

വിജയിയുടെ വാക്കുകൾക്കു വേദി ഒരുങ്ങി. യേശുവിന്റെ ക്രൂശിന്മേലുള്ള പോരാട്ടത്തിന്റെ ഫലത്തെകുറിച്ച് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ യോഹന്നാൻ 19:30 പരിഗണിക്കുക. "യേശു പുളിച്ച വീഞ്ഞു കുടിച്ചശേഷം, 'നിവൃത്തിയായി എന്നു പറഞ്ഞു ...!' "

മൂന്നുവാക്കുകൾ ചേർന്ന ഒറ്റ വാക്കു "നിവൃത്തിയായി" *തെതെലസ് തായി*എന്നാണ്. മൂലഭാഷയിൽ ശരിയായ അർത്ഥം"തൽഫലമായി എന്നേക്കുമായിചെയ്തു", "*തെതെലസ്തായി*"എന്നവാക്ക് കൃഷി ക്കാരാണ് ഉപയോഗിച്ചിരുന്നതു. ഒരു മൃഗം അവന്റെ തൊഴുത്തിൽ പിറന്നു വീഴുമ്പോൾ വൈകല്യമൊന്നുമില്ലെങ്കിൽ കൃഷിക്കാരൻ ഉച്ചത്തിൽ നിലവിളിക്കും "*തെതെലസ്തായി! തെതെലസ്തായി!*" എന്ന്. അതു കലാകാരൻ ഉപയോഗിക്കുന്ന വാക്കാണ്. ചിത്രകാരൻ ഒരു പ്രകൃതി രചനയോ മാർബിൾ കൊണ്ട് അർദ്ധകായ പ്രതിമയോ ഉണ്ടാക്കിയിട്ടു പുറകോട്ട് മാറിനിന്ന് നോക്കും. തന്റെ പ്രയത്നത്തെ നോക്കി ന്യൂനതയൊന്നും ഇല്ല, ഇനി അതിനെ ഒന്നും ചെയ്യേണ്ട എന്ന മതിപ്പുതോന്നിയാൽ തന്റെ ഉള്ളിലെ ഇഷ്ടത്തോടെ മന്ദമായി പറയുന്ന വാക്കാണ് "*തെതെലസ്തായി, തെതെലസ്തായി*" എന്ന്. ഈ വാക്കാണ് യേശു ഉപയോഗിച്ചത് - "*തെതെലസ്തായി!*" അവൻ ചെയ്തതു പൂർത്തി യാക്കി, തീർന്നു. ക്രൂശിൽ ഇതു നടന്നപ്പോൾ മനുഷ്യർ പറഞ്ഞു, "യേശുവിന്റെ ജീവിതം പരാജയമാണ്" എന്നു എന്നാൽ യേശു പറഞ്ഞു, "അതു ഒരു വിജയമാണ്!" എന്ന്.

"നിവൃത്തിയായി" എന്നു യേശു പറഞ്ഞപ്പോൾ, തന്റെ ജീവിതം അവസാനിച്ചു എന്നല്ല പറഞ്ഞതു. താൻ എന്തിനു വേണ്ടി വന്നുവോ അതു പൂർത്തിയാക്കി എന്നാണ് അവൻ പറഞ്ഞതു. യേശു വന്നതു പഴയ നിയമം നിവർത്തിക്കുന്നത്തിനു കൂടെയാണ് (മത്തായി 5:17). അവൻ അതു നിറവേറ്റി. പഴയ നിയമം നീങ്ങപ്പെട്ടതു കൊണ്ട് ഇപ്പോൾ പുതിയ ഉടമ്പടി നിലവിൽ വന്നു (എബ്രായർ 9:15, 16; 10:9). പഴയനിയമം കഴിഞ്ഞു പോയി (കൊലൊസ്യർ 2:14). പത്തു കല്പനകൾ നിയമമായി

ട്ടുണ്ടായിരുന്നതു കഴിഞ്ഞു പോയി (2 കൊരിന്ത്യർ 3:1–11); ഏഴാം ദിവസമായ ശബ്ബത്തു തീർന്നു (കൊലൊസ്സ്യർ 2:16).

ഏറ്റവും മുഖ്യമായി രക്ഷാ പ്രവൃത്തി തീർന്നു! യെശയ്യാവ് 53:6ൽ പറഞ്ഞ പ്രവർത്തി അവസാനിച്ചു. "നാം എല്ലാവരും ആടുകളെ പോലെ തെറ്റിപോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരിക്കുന്നു." എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും ആ കുറ്റം അവന്റെ മേൽ ചുമത്തി 1 തിമൊഥെയൊസ് 2:6 ൽ പറഞ്ഞ പ്രവൃത്തിയും പൂർത്തിയാക്കി. "നമുക്കെല്ലാവർക്കും വേണ്ടി അവൻ മറുവിലയായി തന്നെത്താൻ ഏല്പിച്ചു കൊടുത്തു" വെളിപ്പാട് 5:9ലെ പ്രവൃത്തിയും കഴിഞ്ഞു. ''പുസ്തകം വാങ്ങുവാനും മുദ്ര പൊട്ടിപ്പാനും 'നീ യോഗ്യൻ ... ; നീ അറുക്കപ്പെട്ട നിന്റെ രക്തം കൊണ്ടു സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായിവിലെക്കു വാങ്ങി.' "

ഒരു മുന്നറിയിപ്പ് വാക്ക് ആവശ്യമാണ്. യേശുവിന്റെപാപം തീർന്നു; മനുഷ്യന്റെ ഭാഗം ചെയ്യേണ്ടിയിരിക്കുന്നു. ജോർജ്ജ് ഫെഡറിക് ഹാൻഡൽ, തന്റെ "മശിഹാ" എന്ന തന്റെ പ്രവൃത്തി തീർത്തശേഷം പറഞ്ഞു, "അത് നിവൃത്തിയായി" ആ സംഗീതോപകരണം ആരും അതിന്റെ താളലയം അനുസരിച്ച് പാടിയില്ലായിരുന്നുവെങ്കിൽ അത് പൂർണ്ണമാകുമായിരുന്നില്ല. യേശു തന്റെ ഭാഗം തീർത്തു, നമ്മോടു പറഞ്ഞിരിക്കുന്നു, "ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവൃത്തിപ്പിൻ" (ഫിലിപ്പിയർ 2:12; കെജെവി).

### സമർഷണത്തിന്റെ വാക്കുകൾ: "തൃക്കയ്യിൽ" (ലൂക്കോസ് 23:46)

ദുഃഖകരമായ സ്ഥിതികഴിഞ്ഞു ചുരുങ്ങിയ വാക്കുകൾ മാത്രമെ സംസാരിക്കുവാൻ അവശേഷിക്കുന്നുള്ളു. യേശു ഈ ജീവിതം വിട്ടുപോകുവാൻ തയ്യാറായി. "യേശു അത്യുച്ചത്തിൽ പിതാവേ ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു. ഇതു പറഞ്ഞിട്ടു പ്രാണനെ വിട്ടു" (ലൂക്കൊസ് 23:46). പീന്നീട് യേശു പെട്ടെന്നു മരിച്ചതിൽ പിലാ ത്തോസ് അതിശയിച്ചു (മർക്കൊസ് 15:44).[20] മുൻപു യേശു പറഞ്ഞിരുന്നു, "എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്നു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവു എന്നെ സ്നേഹിക്കുന്നു" (യോഹന്നാൻ 10:17, 18).മരണം യേശുവിന്റെ അടുക്കലേക്ക് വരികയില്ല; അവൻ മരണത്തിലേക്ക് പോവുകയായിരുന്നു

സാധാരണ മരിക്കുന്ന ആൾ മരിക്കുന്നതിനു മുൻപു തല യുയർത്തും. പ്രകൃതിയുടെ അവസാന ശ്രമമായി ശ്വാസകോശം വായു കൊണ്ടു – നിറക്കുവാനായിട്ടാണ്. പിന്നെ തല താഴും. യേശു "*തല*

*ചരിച്ചു* പ്രാണനെ വിട്ടു" (യോഹന്നാൻ 19:30; എംഫസിസ്മൈൻ) – താൻ മനഃപൂർ വ്വമായി തന്റെ ജീവനെ നല്കി എന്നു കാണിക്കുന്നു. അഗസ്തീൻ പറ ഞ്ഞതു: "അവൻ മനസ്സുവെച്ചതു കൊണ്ട് തന്റെ ജീവനെ നല്കി; അവന്നു മനസ്സായപ്പോൾ മനസ്സുപോലെ ചെയ്തു."

തന്റെ വീണ്ടെടുപ്പിന്റെ പ്രവൃത്തി തീർത്തുകൊണ്ടു യേശു പറഞ്ഞു: "ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പ്പിക്കുന്നു" (ലൂക്കൊസ് 23:46). തന്റെ ജീവിതകാലം മുഴുവൻ സമർപ്പിച്ചതു കൊണ്ടു യേശുവിന്നു തന്റെ ആത്മാവിനെ ദൈവത്തിന്നു ഏല്പിച്ചുകൊടുപ്പാൻ കഴിഞ്ഞു. അതുപോലെ നിങ്ങളും ഞാനും ജീവിതം ദൈവത്തിനു സമർപ്പിച്ചാൽ മരണത്തിൽ ആത്മാവിനേയും ഏല്പ്പിക്കാൻ കഴിയും!

**ഉപസംഹാരം**

യേശു ക്രൂശിന്മേൽ വെച്ചു എന്തെല്ലാം പാഠങ്ങളാണ് പഠിപ്പിച്ചതു: പാപക്ഷമാപണം, പ്രത്യാശ, ഏകാന്തത, കഷ്ടത, തളർച്ച, സമർപ്പണം എന്നീ പാഠങ്ങളാണ്!ഈ പാഠങ്ങൾ നമുക്കു പ്രയോജനപ്പെടണമെങ്കിൽ, പഠിപ്പിച്ച വ്യക്തിയുമായി നമുക്കു നല്ല ബന്ധമുണ്ടാകണം. പൗലൊസ്, ഗലാത്യർ 3:26, 27ൽ പറഞ്ഞു, "ക്രിസ്തുയേശുവിലുള്ള *വിശ്വാസത്താൽ* നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു, *ക്രിസ്തു വിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന* നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യെഹൂദനും യവനനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തു യേശുവിൽ ഒന്നത്രേ." (എംഫസിസ് മൈൻ). കെജെവിയിലുള്ളത് "ക്രിസ്തുവിനെ ധരിക്കുക"എന്നാണ്.

നാം വിശ്വാസത്താലും സ്നാനത്താലും ക്രിസ്തുവിനെ ധരിച്ചശേഷം നാം അവനെ മനസുവെച്ചു *പിൻപറ്റണം* – വേണ്ടി വന്നാൽ മരിക്കാനും തയ്യാറാകണം. യേശു പറഞ്ഞു. "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ" (ലൂക്കൊസ് 9:23). യേശു നമുക്കു വേണ്ടി ചെയ്തതിനെ നാം അനുമോദിക്കുന്നു ണ്ടോ?അങ്ങനെയെങ്കിൽ, നാം എവിടെയും എല്ലായിടത്തും അവനെ പിൻപറ്റുവാൻ തയ്യാറാകും!

**ദൃശ്യസഹായക്കുറിപ്പുകൾ**

ഈ പാഠത്തിനു വേണ്ടി ഞാൻ ഫ്ളാനൽ ബോർഡ് തയ്യാറാക്കി അവതരിപ്പിച്ചു.ബോർഡിന്റെ മുകളിൽ ആയിരിക്കും പാഠത്തിന്റെ തലവാചകം. ബോർഡിന്റെ നടുവിൽ യേശുവിന്റെ ചിത്രവും തവിട്ടുനിറത്തിലുള്ള യേശുവിന്റെ ക്രൂശുരൂപവും അതിനു മുകളിൽ വരയ്ക്കും

(അങ്ങനെ യേശുവിന്റെ മുമ്പിൽ ക്രൂശ് ഒരു പ്രസംഗപീഠമായിത്തോന്നും). പ്രസംഗം പുരോഗമിക്കുമ്പോൾ ആ ചിത്രത്തിനു നടുവിൽ ചുറ്റും മുഖ്യപോയിന്റുകൾ അടങ്ങുന്ന ഏഴു കാർഡുകളുടെ ചിത്രവും ഉണ്ടാകും. ഇതേ സമീപനം ഒരു പ്രൊജക്ടറിലൂടെയും കാണിക്കാം.

**കുറിപ്പുകൾ**

[1]ഈ പ്രസംഗത്തിനുള്ള ആശയം അനേകം ഉപദേഷ്ടാക്കന്മാർ ഉപയോഗിച്ചിട്ടുണ്ട്. ഈ പ്രത്യേക പ്രസംഗം അനേക വർഷങ്ങൾക്കു മുമ്പ് പല ഉറവിടങ്ങളും ഉപയോഗിച്ചു തയ്യാറാക്കിയതാണ്. [2]ദാവീദ് നാലാമനായിരിക്കാം (2 ശമൂവേൽ 23:1). [3]സാത്താൻ യേശുവിനോടു പറഞ്ഞ വാക്കുകളിൽ ഇതടങ്ങിയിരിക്കുന്നു. [4]അമേരിക്കക്കാർ പറയാറു, "... ഇഫ് ദേർ ആർ നോ പെർക്സ്" എന്നാണ്. [5]സ്നാനം രക്ഷക്കു ആവശ്യമില്ലെന്നു വിശ്വസിക്കുന്നവർ അവരുടെ വിശ്വാസം "തെളിയിക്കുന്നതിനു"അടിക്കടി എടുക്കാറുള്ളതാണ് (ക്രൂശിലെ കള്ളനെ). [6]കള്ളൻ രക്ഷിക്കപ്പെട്ടു എന്ന കാര്യത്തിൽ ചിലർ സംശയിക്കുന്നുണ്ട്. എന്നാൽ "പറുദീസ" അടിസ്ഥാനപരമായി അർത്ഥമാക്കുന്നതു "സുഖത്തോട്ടം" എന്നാണ് ഇതു "അബ്രഹാമിന്റെ മടി" എന്നതിനു തുല്യമാണെന്നു തോന്നുന്നു (ലൂക്കോസ് 16:23) പാതാളത്തിലെ ഒരു ഭാഗത്താണ് നീതിമാന്മാർ ന്യായവിധിക്കായി കാത്തുകിടക്കുന്നത് യേശു മരിച്ചശേഷം പാതാളത്തിൽ (മരിച്ചവരുടെ അദൃശ്യസ്ഥാനം) പോയി എന്നു പത്രോസ് വ്യക്തമാക്കി (പ്രവൃത്തി 2:27, 31). അബ്രഹാമും ലാസറും എവിടെയായിരുന്നോ യേശു അവിടെ ആയിരുന്നു എന്നതിനു സംശയമില്ല. "ആ ദിവസം" അവൻ യേശുവിനോടു കൂടെ ഇരിക്കും എന്നാണ് യേശു കള്ളനോട് പറഞ്ഞതു. [7]ക്രൂശിലെ "കള്ളൻ രക്ഷിക്കപ്പെട്ടതുപോലെ നമുക്കു രക്ഷപ്രാപിക്കാൻ കഴിയും" എന്നു പറയുന്നവർ രക്ഷയുടെ നിബന്ധനയായ സ്നാനത്തെ എടുത്തുമാറ്റുകയാണ് ചെയ്യുന്നത്. കള്ളന്റെ പരിവർത്തനം ബൈബിളിൽ വെച്ച് വിഷമം പിടിച്ചതാണെന്ന പരിഗണന അവർക്കില്ല. മറ്റുള്ളവർ വിശ്വാസം വിട്ടുകളഞ്ഞപ്പോഴാണ് അവൻ വിശ്വസിച്ചത്. യെഹൂദന്മാരുടെ മശിഹയെക്കുറിച്ചുള്ള മുൻവിധികളെയെല്ലാം മറികടന്നാണ് അവൻ വിശ്വസിച്ചത്. മറ്റുള്ള ശബ്ദങ്ങളെല്ലാം യേശുവിനെ കുറ്റപ്പെടുത്തിയപ്പോൾ അവൻ യേശുവിനെ ഉയർത്തി സംസാരിച്ചു. ഇതെല്ലാം സംഭവിക്കുന്നതു അവന്റെ ശരീരവും മനസും അതീവ വേദനയിലായിരിക്കുമ്പോഴാണ്. "കള്ളൻ രക്ഷിക്കപ്പെട്ടതുപോലെ രക്ഷിക്കപ്പെടുവാൻ" ആരെങ്കിലും തയ്യാറാകുമോ എന്നു ഞാൻ സംശയിക്കുന്നു! [8]മത്തായി 20:1-16. [9]KJV പറയുന്നതു "ആമേൻ" എന്നാണ്. [10]നടുവിലുള്ള ക്രൂശ് ഒരുപക്ഷേ ബറബ്ബാസിനു വേണ്ടി ഉണ്ടാക്കിയതാകാം. ആ രണ്ടു കള്ളന്മാരും ഒരുപക്ഷേ അവന്റെ അനുയായികളായിരിക്കാം. അവന്റെ ഇടങ്കൈ ആയി പ്രവർത്തിക്കുന്നവരാകാം. ബറബ്ബാസിനെ പോലെ അവരും കൊലയും കവർച്ചയും നടത്തിയവർ ആയിരുന്നേക്കാം (യോഹന്നാൻ 18:40; ലൂക്കോസ് 23:19)

[11]മുൻപ് യേശുവിന്റെ സഹോദരന്മാർ അവിശ്വാസികൾ ആയിരുന്നെങ്കിലും യോഹന്നാൻ 7:5 അവന്റെ ഉയിർത്തെഴുന്നേല്പിന്നു ശേഷം ഭൂരിഭാഗമോ മുഴുവ ൻ പേരോ വിശ്വാസികളായി തീർന്നു (പ്രവൃത്തി 1:14). [12]അവന്റെ നിയമപ്രകാരമുള്ള അപ്പൻ, യോസേഫ,് മരിച്ചിരിക്കും എന്നാണ് ഇതു സൂചിപ്പിക്കുന്നത്. യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷാ സമയത്ത് ഒന്നും യോസേഫിനെ കുറിച്ചു പറയാത്തതു ഒരുപക്ഷേ യേശുവിന്നു മുപ്പതു വയസായപ്പോഴേക്കും യോസേഫ് മരിച്ചു പോയിരിക്കും. [13]"സ്ത്രീ" എന്ന

വാക്ക് ചില സമൂഹത്തിൽ ഇന്നു ആക്ഷേപകരമായി ഉപയോഗിക്കുന്നുണ്ട്. [14]ഈ പ്രയോഗത്തിന്റെ അർത്ഥം എല്ലായ്പ്പോഴും "ഉടനെ" എന്നാണ് ബെർക്കലി വെർഷൻ പറയുന്നതു "ആ നിമിഷം മുതൽ"എന്നാണ്. [15]മറിയക്കു ക്രൂശിനരികിൽ എത്തുക പ്രയാസം തന്നെ. അവളെ ദൂരെ അകറ്റുന്നതും പ്രയാസമുള്ള കാര്യമാണ്. അവസാനം മറിയക്കു ഗുണമായി തീർന്നു. യേശുവോടുള്ള സ്വാഭാവിക യോജിപ്പിൽ നിന്നു ആത്മീയയോജിപ്പിലേക്കു മാറുന്നു. മകൻ എന്നതിനേക്കാൾ രക്ഷകൻ എന്ന നിലയിലാണ് യേശു നല്ലതു എന്നവൾ മനസിലാക്കി. [16]വാക്യം 1. [17]ഇതു KJV യുടെ പദപ്രയോഗമാണ്. [18]മത്തായി 4:2ഉംയോഹന്നാൻ4ഉം നോക്കുക. [19]"ക്രൂശിൽ അവൻ നമുക്കു വേണ്ടി നരകയാതന അനുഭവിച്ചു" എന്നു പറയുന്നതു അനാദരാവുകയില്ല (2 തെസലൊനിക്യർ 1:7-9). [20]ക്രൂശിൽ തറക്കൽ നേരിട്ടു പ്രധാനപ്പെട്ട അവയവങ്ങളെ ബാധിക്കാത്തതുകൊണ്ടു മരണത്തിനു ദിവസങ്ങൾ വേണ്ടി വരുന്നതു അസാധാരണമായിരുന്നില്ല. പെട്ടെന്നു മരണം ഉറപ്പു വരുത്തുവാൻ പടയാളികൾ കള്ളന്മാരുടെ കാലുകൾ ഒടിച്ചു (യോഹന്നാൻ 19:31 മുതൽ). അവരുടെ ശരീരം ഉയർത്തി ആഴത്തിൽ ശ്വാസം എടുത്തുവിടാൻ അനുവദിക്കാതെ, ശ്വാസം മുട്ടൽ അനുഭവപ്പെടുന്നതിനാണത്.

---

**മാറ്റമില്ലാത്ത ക്രിസ്തു**

കുന്നുകളിൽനിന്നു നോക്കിയാൽ ഒരു മനോഹരനദി, ഓറോനോട്ട്സ്, റൈൻ, ഹട്ട്സൺ പോലെ ഉയർന്നു പുറന്തള്ളി നിൽക്കുന്ന പാറയും കാണാം. നൂറ്റാണ്ടുകളായി പാറ അതേപോലെയിരിക്കുന്നു, എന്നാൽ താഴെ അതിന്റെ ഒഴുക്ക് എല്ലാനിലയിലും മാറിയിരിക്കുന്നു. അങ്ങനെ അരുവിയുടെ കാലവും ചരിത്രവും മാറി, എന്നാൽ പാറ മാറ്റമില്ലാത്ത ക്രിസ്തുവിനെപ്പോലെ യുഗങ്ങളായി മാറാതിരിക്കുന്നു

*മെക്കാർട്നീസ് ഇല്ലസ്ട്രേഷൻസ്*

ക്ലാരൻസ് ഇ. മെക്കാർട്നി